**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 5107**

**15.11.2019- ൽ മറുപടിയ്ക്ക്**

**<u>പിറവന്തൂർ കൃഷി ഭവൻ മാറ്റി സ്ഥാപിക്കാൻ നടപടി</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ. ബി. ഗണേഷ് കുമാർ** | | **ശ്രീ. വി. എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | പത്തനാപുരം നിയോജക മണ്ഡലത്തിൽപ്പെട്ട പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ ഇപ്പോൾ സ്ഥിതി ചെയ്യുന്ന മേടക്കട എന്ന സ്ഥലത്തു നിന്നും പഞ്ചായത്ത് ആസ്ഥാനം സ്ഥിതി ചെയ്യുന്ന അലിമുക്ക് ജംഗ്ഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കൃഷി ഭവന് വേണ്ടി അലിമുക്ക് ജംഗ്ഷനിലുള്ള പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം വാടകരഹിതമായി നൽകുവാൻ സന്നദ്ധമാണെന്നുള്ള പിറവന്തൂർ ഗ്രാമപഞ്ചായത്ത് സമിതിയുടെ തീരുമാന പകർപ്പും നിവേദനത്തോടൊപ്പം ഉള്ളടക്കം ചെയ്തിരുന്നത് | (ബി) & (സി) | ഉണ്ട്. പിറവന്തൂർ കൃഷി ഭവനിലെ കാർഷിക വികസന സമിതിയുടെ ശിപാർശയോട് കൂടിയ കത്ത് കൊല്ലം ജില്ലാ കൃഷി ഓഫീസർക്ക് നൽകുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കൃഷി ഭവൻ കെട്ടിടം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | | |
| **(സി)** | പ്രസ്തുത ആവശ്യം എത്രയും വേഗം നടപ്പിലാക്കുന്നതിന് അനുകൂല നടപടി കൈക്കൊള്ളുമോയെന്ന് വെളിപ്പെടുത്താമോ? | | |

**സെക്ഷൻ ഓഫീസർ.**